**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 62** **23-01-2025 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരള ഇനീഷിയേറ്റീവ് പ്രകാരം അടാട്ട്, തോളൂർ, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | റീബിൽഡ് കേരള ഇനീഷിയേറ്റീവ് പ്രകാരം തൃശ്ശൂർ-പൊന്നാനി മേഖലയിൽ കോൾപടവുകളുടെ വികസനവുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട്, തോളൂർ, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയാക്കിയ പദ്ധതികളുടെ പേര്, തുക എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം തൃശ്ശൂർ-പൊന്നാനി മേഖലയിൽ കോൾപടവുകളുടെ വികസനവുമായി ബന്ധപ്പെട്ട് വടക്കഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട്,തോളൂർ,കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയാക്കിയതും നിർവഹണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1ൽ ചേർത്തിരിക്കുന്നു. പദ്ധതി പ്രകാരം പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിർവഹണം നടത്താൻ കഴിയാത്ത പദ്ധതികളൊന്നും തന്നെയില്ല. |
| (ബി) | ഈ പദ്ധതി പ്രകാരം പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിർവ്വഹണം പുരോഗമിക്കുന്ന പദ്ധതികളുടെ വിവരങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ; | (ബി) | മേൽപിരിവിലെ ഉത്തരവും അനുബന്ധവും കാണുക. |
| (സി) | ഈ പദ്ധതി പ്രകാരം പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിർവ്വഹണം നടത്താൻ കഴിയാത്ത പദ്ധതികളും അവയ്ക്കായി നീക്കിവെച്ച തുകയും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (സി) | (എ) പിരിവിലെ ഉത്തരവും അനുബന്ധവും കാണുക |
| (ഡി) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട്, തോളൂർ, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലായി റീബിൽഡ് കേരള ഇനിഷിയേറ്റീവ് പ്രകാരം ആകെ വകയിരുത്തിയ തുക, ചെലവഴിച്ച തുക, സേവിങ്സ് തുക എന്നിവ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ? | (ഡി) | വടക്കഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട്,തോളൂർ,കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം ആകെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 2**ൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**റീബിൽഡ് കേരള ഇനീഷിയേറ്റീവ് പ്രകാരം തൃശ്ശൂർ-പൊന്നാനി മേഖലയി. കോൾപടവുകളുടെ വികസനവുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട്, തോളൂർ, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ പൂർത്തിയാക്കിയതും പുരോഗമിക്കുന്നവയുമായ പദ്ധതികളുടെ വിശദാംശങ്ങൾ**

| Sl. No. | ചുമതല വഹിക്കുന്ന വകുപ്പ്/വിഭാഗം | പദ്ധതി | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കെ എൽ ഡി സി | തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ പേരാമംഗലം കനാൽ ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നിവയുടെ ആഴം വർദ്ധിപ്പിക്കുന്ന പദ്ധതി. | 1.21 കോടി | പൂർത്തീകരിച്ചു |
| 2 | | തൃശ്ശൂർ പൊന്നാനി കോൽപ്പാടങ്ങളിൽ വെള്ളപ്പൊക്കവും വരൾച്ചയും തരണം ചെയ്യാൻ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി- പുത്തൂർക്കരിക്ക, ചിരുക്കണ്ടത്ത് പടവ്, പണ്ടാരംകോൽ, ഓമ്പത്തുമുറി, കടവിളക്കോൽ, അമ്പലക്കടവ് എന്നിവിടങ്ങളിൽ ഉൾച്ചാൽ ആഴം കൂട്ടൽ, റാംപ് നിർമാണം(4 എണ്ണം), കിട നിർമ്മാണം, തൃശ്ശൂർ ജില്ലയിൽ ഫാംറോഡുകളുടെ നിർമ്മാണം. | 1.19 കോടി | പൂർത്തീകരിച്ചു |
| 3 | | തൃശ്ശൂർ പൊന്നാനി കോൾ ഭൂമിയിൽ വെള്ളപ്പൊക്കവും വരൾച്ചയും തരണം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി- നെല്ല് ഉല്പ്പാദനം വർധിപ്പിക്കുന്നതിന് മേഞ്ചിറ പടവ്, വാളങ്കുളം എന്നിവയുടെ നവീകരണം, റാംപ് നിർമ്മാണം, കിടയുടെ നിർമ്മാണം, തൃശ്ശൂർ ജില്ലയില് ഫാം റോഡുകളുടെ നിർമ്മാണം. | 43.68 ലക്ഷം | പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 4 | | തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ മുല്ലശ്ശേരി കനാലിന്റെ ആഴം കൂട്ടുകയും എഞ്ചിൻ ഷെഡ് (5 എണ്ണം) നിർമ്മാണം. | 3.17 കോടി | കരാറുകാരന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ചകൾ മൂലം പ്രവൃത്തികൾ നിലവിൽ നിർത്തിവച്ചിരിക്കുന്നു. വിഷയം കോടതിയുടെ പരിഗണനയിലാണ്. |
| 5 | | തൃശ്ശൂർ കോൽ പ്രദേശത്തെ സംഗമം സൗത്ത് കോലെ പടവ്, ചാത്തൻ കോലെ പടവ് എന്നിവയുടെ നവീകരണം, ആന്തരിക ചാലുകളുടെ ആഴം കൂട്ടൽ, റാമ്പ് നിർമ്മാണം (5 എണ്ണം), കിട നിർമ്മാണം (8 എണ്ണം) എന്നിവ ഉൾപ്പെടുന്നു. തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ ഫാം റോഡ് നിർമ്മാണം. | 2.83 കോടി | പദ്ധതി പുരോഗമിക്കുന്നു |
| 6 | | തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിലെ സംഗമം നോർത്ത് കോൽ, നായ്ക്കൻ കാളിപ്പാടം കോലെ പടവ്, തരിശ്ശു കരിമ്പന കോൽ പടവ് എന്നിവയുടെ നവീകരണം, ആന്തരിക ചാൽസ് ആഴം കൂട്ടൽ, റാംപ് നിർമ്മാണം (4 എണ്ണം), കിടയുടെ നിർമ്മാണം (5 എണ്ണം) നിർമ്മാണം, തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ ഫാം റോഡ് നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. | 1.99 കോടി | നിർമ്മാണം പുരോഗമിക്കുന്നു. കൊയ്ത്ത് കാലമായതിനാൽ പ്രവൃത്തികൾ തല്ക്കാലം നിർത്തിവച്ചിരിക്കുന്നു. കൊയ്ത്ത് പൂർത്തിയായാലുടൻ നിർമ്മാണം പുനരാരംഭിക്കുന്നതാണ് . |

| | | | | |
|---|---|---|---|---|
| 7 | | തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിലെ പൊന്നൂർ താഴം, മുണ്ടൂർ താഴം, പേരാമംഗലം താഴം കോലേ പടവ് എന്നിവിടങ്ങളിൽ ഇന്നർചാലുകളുടെ ആഴം കൂട്ടൽ, റാംപ് (5 എണ്ണം) നിർമ്മാണം, കിട (8 എണ്ണം) നിർമ്മാണം, തൃശ്ശൂർ താലൂക്കിൽ ഫാം റോഡ് (201 കിലോമീറ്റർ) എന്നിവയുടെ നിർമ്മാണം. | 1.90 കോടി | നിർമ്മാണം പുരോഗമിക്കുന്നു |
| 8 | | തൃശ്ശൂർ താലൂക്കിലെ നാലുമുറി, കുറുടൻ, ആക്കട്ടൻ പടവ് എന്നിവയുടെ നവീകരണം, ഇന്നർചാലുകളുടെ ആഴം കൂട്ടൽ, റാംപ് നിർമാണം (6 എണ്ണം), കിടയുടെ നിർമ്മാണം (7 എണ്ണം) നിർമ്മാണം, തൃശ്ശൂർ താലൂക്ക്-തൃശ്ശൂർ ജില്ലയിൽ ഫാം റോഡുകളുടെ രൂപീകരണം എന്നിവ ഉൾപ്പെടുന്നു. | 2.83 കോടി | 95% പൂർത്തീകരിച്ചു |
| 9 | | പുഴയ്ക്കൽ പാലത്തിന്റെ മുകൾ ഭാഗത്തുള്ള പുഴയ്ക്കൽ തോടും പഴയ പുഴയ്ക്കൽ തോടും ചേർന്ന് എൻജിൻ തറ (1 എണ്ണം) എൻജിൻ ഷെഡ് (6 എണ്ണം), റാംപ് (7 എണ്ണം), കിഡ (6 എണ്ണം), തൃശ്ശൂർ ജില്ലയിൽ ഫാം റോഡ് നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. | 4.45 കോടി | നിർമ്മാണം പുരോഗമിക്കുന്നു |
| 10 | | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് – പ്രളയവും വരൾച്ചയും തരണം ചെയ്യുന്നതിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ തൃശ്ശൂർ പൊന്നാനി കോൾ ഭൂമിയിൽ നെല്ല് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി (സമ്പാദ്യ പദ്ധതി) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി പഞ്ചായത്തിലെ 51 തറയിൽ പുല്ലഴി തോടിന് കുറുകെ ബോക്സ് കലുങ്ക് നിർമ്മാണം. | 1.12 കോടി | നിർമ്മാണം പുരോഗമിക്കുന്നു |

| | | | | |
|---|---|---|---|---|
| 11 | | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് – പ്രളയവും വരൾച്ചയും തരണം ചെയ്യുന്നതിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, തൃശ്ശൂർ പൊന്നാനി കോൽ ഭൂമിയിൽ നെല്ല് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള (സമ്പാദ്യ പദ്ധതി) മെച്ചപ്പെടുത്തൽ ചാത്തൻകോൽ, സംഘം സൗത്ത് ഇളംക കോലെ തറ, പുതുക്കോൽ 40–ാം തറ. തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ പുതുക്കോൽ തറ, സംഘം തെക്ക് കോൽ പടവ് കൊച്ചമ്പാറ ചോരക്കാട്ടുകര കോൽ പടവ് – ഷെഡ് (4 എണ്ണം), കിട (1 എണ്ണം), പാറക്കുഴി (3) എന്നിവയുടെ നിർമ്മാണം. | 97.26 ലക്ഷം | ടെൻഡർ, റീടെൻഡർ നടപടികൾ വിജയകരമാകാഞ്ഞതിനാൽ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 12 | | തൃശ്ശൂർ പൊന്നാനി കോൽ ഭൂമിയിൽ നെൽക്കൃഷി വർദ്ധിപ്പിക്കുന്നതിനായി (സമ്പാദ്യ പദ്ധതി) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുണ്ടൂർ താഴം കോലെ പടവിൽ ലീഡിംഗ് ചാൽ നിർമ്മാണം. | 1.34 കോടി | പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 13 | | തൃശ്ശൂർ പൊന്നാനി കോൽ ഭൂമിയിൽ (സമ്പാദ്യ പദ്ധതി) പുല്ലഴി തോടിന്റെ വലതുഭാഗത്തെ ബണ്ടിൽ പഴയ പുഴയ്ക്കൽ തോടിന്റെ അവസാനത്തിൽ ഇരട്ട സ്ലൂയിസ് നിർമ്മാണം. | 32.16 ലക്ഷം | നിർമ്മാണം പുരോഗമിക്കുന്നു. കൊയ്ത്ത് കാലമായതിനാൽ പ്രവൃത്തികൾ തല്ക്കാലം നിർത്തിവച്ചിരിക്കുന്നു. കൊയ്ത്ത് പൂർത്തിയായാലുടൻ നിർമ്മാണം പുനരാരംഭിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | താണ്. |
| 14 | കെ എസ് ഇ ബി | ചാത്തൻ കോൾ, സംഘം നോർത്ത് കോൾ, ചൂരക്കാട്ടുകാര കോൾ, പേരാമംഗലം കോൾ, തരിശു കരിമ്പന കോൾ, കുരുടൻ അകത്താൻ കോൾ, പുള്ളർ കരിക്ക കോൾ, വടക്കെപോന്നോർ താഴം, പുല്ലഴി നാലു തറ, ഒമ്പതു മുറി കോൾ എന്നീ പ്രദേശങ്ങളിൽ 11 kV കെ വി ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ | 78.11 ലക്ഷം | പൂർത്തീകരിച്ചു |
| 15 | | സംഘം സൗത്ത് കോൾ, വലക്കുളം കോൾ, മേച്ചിറ മാവിൻചോട് കോൾ എന്നീ പ്രദേശങ്ങളിൽ 11 kV കെ വി ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ | 24.08 ലക്ഷം | പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 16 | കെ എ ഐ സി ഓ(KAICO) | തൃശ്ശൂർ-പൊന്നാനി കോൾ പദ്ധതിക്കായി യന്ത്ര സമഗ്രികൾ വാങ്ങി നൽകുക | 3.18 കോടി | പൂർത്തീകരിച്ചു |
| 17. | സ്റ്റേറ്റ് അഗ്രിക്കൾച്ചർ എൻജിനിയറിങ് വി ഭാഗം | പെട്ടി-പറ മാറ്റി സബ്മേഴ്സിബിൾ പമ്പ് സെറ്റ് വിതരണം ചെയ്യുന്ന പദ്ധതി | 10.62 കോടി | 47എണ്ണത്തിൽ 40 എണ്ണം സ്ഥാപിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു |

**<u>അനുബന്ധം 2</u>**

**വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ അടാട്ട്, തോളൂര്, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലായി റീബിൽഡ് കേരള ഇനിഷിയേറ്റീവ് പ്രകാരം ആകെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ**

| ക്രമ നം. | ചുമതല വഹിക്കുന്ന വകുപ്പ് | പദ്ധതികളുടെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | സേവിങ്സ് തുക |
|---|---|---|---|---|---|
| 1 | കെ എൽ ഡി സി | തൃശ്ശൂർ–പൊന്നാനി കോൾ വികസന പദ്ധതി | 23.76 കോടി | 7.40 കോടി | പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതികളിലെ സേവിങ്സ് സംബന്ധിച്ച വ്യക്തത വരുകയുള്ളൂ. |
| 2 | സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയർ | | 10.62 കോടി | 9.21 കോടി | |
| 3 | കെ എസ് ഇ ബി | | 1.02 കോടി | 78.11 ലക്ഷം | |
| 4 | കെ.എ.ഐ. സി.ഓ. (KAICO) | | 3.18 കോടി | 3.18 കോടി | |
| 5 | ലാൻഡ് റെവന്യൂ കമ്മീഷണറേറ്റ് | അഞ്ഞൂർ വില്ലേജ് ഓഫീസിൽ കെട്ടിട നിർമ്മാണം | 45.48 ലക്ഷം | 40.99 ലക്ഷം | |